**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1621** **08-12-2022 - ൽ മറുപടിയ്ക്ക്**

**ശ്രീ. ബാലകൃഷ്ണന് ലഭിക്കേണ്ട പ്രളയ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2019-ലെ പ്രളയത്തിൽ ഭവനനാശം സംഭവിച്ചവർക്ക് ലഭിക്കേണ്ട ധനസഹായം സാങ്കേതിക തകരാർ കാരണം ലഭിക്കാതെ പോയ പറളി-1 വില്ലേജിൽ തേന്നൂർ കാവുങ്കൽ വീട്ടിൽ വേലായുധൻ മകൻ ശ്രീ. ബാലകൃഷ്ണൻ സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുമോ; | (എ) | 2019ലെ പ്രളയത്തിൽ ഭവന നാശം സംഭവിച്ച പറളി- 1 വില്ലേജിലെ തേന്നൂർ കാവുങ്കൽ വീട്ടിൽ വേലായുധൻ മകൻ ശ്രീ.ബാലകൃഷ്ണൻ എന്നവർക്ക് അക്കൗണ്ട് നമ്പറിലെ തെറ്റ് കാരണം ധനസഹായം അനുവദിച്ചിട്ടില്ല. ഇങ്ങനെ സാങ്കേതിക കാരണങ്ങളാൽ ധനസഹായം ലഭിക്കാത്തവർക്ക് ധനസഹായം ലഭിക്കുന്നതിനായി റവന്യൂ പോർട്ടലിൽ ഉൾക്കൊള്ളിക്കുന്നതിനോ, അതിന് സാധിച്ചില്ലെങ്കിൽ പ്രത്യേക പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനോ ജില്ലാകളക്ടർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | അർഹമായ ധനസഹായം വർഷങ്ങൾ കഴിഞ്ഞിട്ടും ടിയാന് ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ടിയാന്റെ അപേക്ഷ പരിഗണിച്ച് ധനസഹായം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രളയത്തിൽ ഭവന നാശം സംഭവിച്ച ശ്രീ.ബാലകൃഷ്ണന് ധനസഹായം അനുവദിക്കുന്നതിനായി ടിയാന്റ വിവരങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങൾമൂലം ഇതിന് സാധിക്കാതെ വന്നാൽ പ്രത്യേക പ്രൊപ്പോസൽ ലഭ്യമാക്കി ധനസഹായം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ